ശ്രീ. കെ. പി. ഗോപാലൻ : ആ ധാരണ തെറ്റാണെന്നാണ് എന്റെ അഭിപ്രായം. ഈ സ്റ്റോറിൽ ഒരു ഖാദി ബോർഡു ശുപാർശ ചെയ്തിട്ടുള്ള സ്ഥിതിക്ക്, ഖാദി കമ്മീഷൻ മുഖേന നൽകുന്ന സഹായധനം ഖാദി ബോർഡു വഴി തരുന്നതായാണ് വിതരണം ചെയ്യേണ്ടതെന്നുള്ളതു ആരും സമ്മതിക്കുന്ന ഒരു കാര്യമാണ്. ആ തത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഗവണ്മെന്റു ഖാദി കമ്മീഷൻ മുമ്പാകെ ഈ നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതു്. ഖാദി കമ്മീഷൻ അപ്രകാരം അതു അംഗീകരിക്കുന്നുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : മുൻപു് കാര്യക്ഷമമായി ഖാദി പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, സ്റ്റോറു ബോഡു വളരെ പ്രതികൂലമായ ഒരു മനോഭാവം സ്വീകരിച്ചിട്ടുണ്ടെന്നും, ഖാദി പ്രവർത്തനം എന്താണെന്നറിയാത്തവരും, ഖാദി ധരിക്കാത്തവരുമായ ബോർഡിലെ അംഗങ്ങളും ആ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുന്നുവെന്നും ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ആ പ്രസ്താവന തെറ്റാണെന്നാണ് എന്റെ അഭിപ്രായം. ഖാദി കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്നുവെന്നു പറയുന്ന ചില സ്ഥാപനങ്ങൾക്കു ഇന്നു് അഡ്വൈസ്സുപോലും ഇല്ലെന്നുള്ള വസ്തുത എനിക്കു നേരിട്ടറിയാം. ചില സ്ഥാപനങ്ങൾ ഖാദി കമ്മീഷനിൽ നിന്നും ലക്ഷക്കണക്കിനു രൂപ ലോണായും, സഹായധനമായും പറ്റിക്കൊണ്ടു് ആ പണം മുഴുവൻ ദുരുപയോഗപ്പെടുത്തിയിട്ടുള്ളതായും തെളിവുണ്ടു് നേരേമറിച്ചു്, ഖാദി ബോർഡിനെ സംബന്ധിച്ചിടത്തോളം ശരിയായ പ്രവർത്തനം നടത്തുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകിയും, സഹായം ചെയ്തും വരികയാണെന്നുള്ള വിവരം പ്രതിപക്ഷ നേതാവിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : സഹായ ധനത്തിനു അപേക്ഷകരും അയച്ചാൽ, ഭരിക്കുന്ന പാർട്ടിക്കു താൽപര്യമില്ലാത്തവരുടേതാണെങ്കിൽ അതിനു് മറുപടി പോലും അയയ്ക്കുന്ന പതിവില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ: ഇതു വെറും ഭാവനയിൽ നിന്നും പറയുന്ന ഒരു അഭിപ്രായമാണ്. നേരേമറിച്ചു, ഖാദി ബോർഡിന്റെ സഹായധന ലിസ്റ്റുകൾ പരിശോധിച്ചാൽ അതിൽ നിന്നും വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും, ഖാദി കമ്മീഷന്റെ കീഴിലുള്ള സ്ഥാപനങ്ങളായാലും ശരി, ഏതു പാർട്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായാലും ശരി എല്ലാ സ്ഥാപനങ്ങൾക്കും പ്രോത്സാഹനവും, സഹായവും ചെയ്തിട്ടുണ്ടെന്നു്, ഈ വസ്തുത വളരെ അസന്നിഗ്ദ്ധമായ ഭാഷയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അറിയിക്കാൻ താൻ ആഗ്രഹിക്കുകയാണു്.

ചൂരൽ വെട്ടുവാൻ ലൈസൻസു്.

* 1524. [13] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൂരൽകൊണ്ടുകുടിൽവ്യവസായം നടത്തി ഉപജീവിക്കുന്നവരുടെ കുടുംബങ്ങൾ, ചൂരൽ വെട്ടുവാൻ ലൈസൻസു് ഏർപ്പെടുത്തിക്കൊണ്ടുള്ള ഗവണ്മെൻറുത്തരവുമൂലം ദുരിതം അനുഭവിച്ചുവരുന്ന വസ്തുത ഗവണ്മെൻറു ശ്രദ്ധിക്കാനിടയായിട്ടുണ്ടോ ;

(ബി) ലൈസൻസിനു് അപേക്ഷിച്ചിട്ടു ലൈസൻസു നൽകുവാൻ അധികൃതർ (ഡിസ്ട്രിക്റ്റു ഇൻഡസ്ട്രീസു് ആഫീസർ) താമസിപ്പിക്കുകകാരണം ചൂരൽ കുടിൽവ്യവസായികൾ പട്ടിണിയിലാണെന്നു ഗവണ്മെൻറിനു് പരാതികൾ ലഭിച്ചിട്ടുള്ളതല്ലേ ?

(സി) ഗവണ്മെൻറു അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇപ്പോൾ മൂരൽ വെട്ടുന്നതിന് പ്രത്യേകം ലൈസൻസു കൊടുക്കുന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ ഗവണ്മെൻറ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻപു മൂരൽ വ്യവസായത്തിൽ ഏർപ്പെട്ടിരുന്നവർ, കോവാപ്പറേറീവു സൊസൈറ്റികളും വഴിയായും, കൺട്രാക്ടർമാർ മുഖേനയും കൊടുത്തിരുന്ന മൂരൽ വാങ്ങിയാണു ഈ വ്യവസായം നടത്തിയിരുന്നതു്. അങ്ങനെ അവർക്കു സൗകര്യം പോലെ മൂരൽ കിട്ടുന്നില്ലെന്നും, വിലയിൽ കാര്യമായ വർദ്ധനവുണ്ടാകുന്നുവെന്നും ഗവണ്മെൻറിൽ പരാതിപ്പെട്ടതിന്റെ ഫലമായിട്ടാണു് ലൈസൻസു ഏർപ്പാടുണ്ടാക്കിയതു്. ഡിസ്ട്രിക്ടറ ഇൻഡസ്ട്രീസു് ആഫീസറുടെ പെർമിറ വാങ്ങിയാൽ മൂരൽ ആവശ്യത്തിനു വെട്ടിയെടുക്കാം. ഇതിന്മേൽ യാതൊരു പരാതിയും ഉണ്ടായിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇപ്പോഴും ഒറയ്ക്കു ഒറയ്ക്കു മൂരൽ വെട്ടുന്നതിനുള്ള അനുവാദം കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഡിസ്ട്രിക്ടറ ഇൻഡസ്ട്രീസു് ആഫീസറുടെ പാസു വാങ്ങി മൂരൽ വെട്ടുന്നതിനുള്ള ഏർപ്പാടാണു ഇപ്പോൾ ചെയ്തിരിക്കുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങനെ അപേക്ഷിച്ചിട്ടു് ആറുമാസക്കാലമായിട്ടും ഒറയ്ക്കു ഒറയ്ക്കു മൂരൽ വെട്ടുന്നതിനുള്ള പാസുകൊടുത്തിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ യാതൊരു പരാതിയും കിട്ടിയിട്ടില്ല. പരാതി കിട്ടിയാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ആർ ബാലകൃഷ്ണപിള്ള : മൂരൽവെട്ടാനുള്ള കുത്തക പിടിച്ചിട്ടു് ചിലർ മൂരൽവെട്ടി മറ്റു സംസ്ഥാനത്തു്, നാഗർകോവിലിലും മറ്റും ബ്ലാക്കുമാർക്കറ്റിൽ വില്പനനടത്തുന്നതായി ഗവണ്മെൻറിനു അറിയാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ അറിഞ്ഞുകൂടാ.

ശ്രീ. പൊന്നറ ജി. ശ്രീധർ: വ്യക്തികൾക്കു പെർമിറ കൊടുക്കുമോ?

ശ്രീ. കെ. പി. ഗോപാലൻ : കൊടുക്കും.

ശ്രീ. പൊന്നറ ജി. ശ്രീധർ : അങ്ങനെ അപേക്ഷിച്ചിട്ടു് ആറുമാസമായിട്ടും പെർമിറ കിട്ടിയില്ലെന്നാണു് മി. ബാലകൃഷ്ണപിള്ള പറഞ്ഞതു്.

മി. സ്പീക്കർ : അങ്ങനെ പരാതി കിട്ടിയിട്ടില്ലെന്നു പറഞ്ഞല്ലോ.

ശ്രീ. പി. ടി. ചാക്കോ : ഗവണ്മെൻറിനാവശ്യമുള്ള മൂരൽ നേരിട്ടു വെട്ടുകയാണോ; മറ്റു വിധത്തിൽ വാങ്ങിക്കുകയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : നോട്ടീസു വേണം.

LIBRARY ARCHIVES Kerala Legislative Assembly